സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :07/07/2021
Email -
swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - സാമൂഹ്യ നീതി വകുപ്പ്- ഡയറക്ടറേറ്റ് - 'സായംപ്രഭാ ഹോം' പദ്ധതി - 2021-22 വർഷം പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സായംപ്രഭാ ഹോമുകൾ/പകൽ വീടുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :-
1. 03.06.2017 ലെ സ.ഉ (സാധാ) നം. 355/17/സാ.നീ.വ നം. സർക്കാർ ഉത്തരവ് .
2. 20.04.2018 ലെ സ.ഉ (സാധാ) നം. 242/2018 സാ.നീ.വ നം. സർക്കാർ ഉത്തരവ്.
3. 18/06/21 തീയതിയിൽ മേൽ നമ്പർ പ്രകാരം സർക്കാരിൽ സമർപ്പിച്ച പദ്ധതി പ്രൊപ്പോസൽ.
4. സ.ഉ (സാധാ) നം. 45/ത.സ്വ.ഭ തീയതി. 06/03/20.
5. സ.ഉ (സാധാ) നം. 1066/ത.സ്വ.ഭ തീയതി. 31/05/21.

'സായംപ്രഭാ ഹോം പദ്ധതി' പ്രവർത്തനങ്ങൾ കാലികമായ പരിഷകരിച്ചുകൊണ്ടും ,2021-22 വർഷത്തെ COVID 19 വ്യാപന പശ്ചാത്തലത്തിൽ വയോജന സംരക്ഷണം മുൻനിർത്തി പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായുള്ള പദ്ധതി പ്രൊപ്പോസൽ മേൽ സൂചന (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് സർക്കാരിന്റെ ഭരണാനുമതി ലഭ്യമായ ഉടൻ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പരിപാടികൾ സംബന്ധിച്ച് സൂചന (4) പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. 'വാതിൽപ്പടി സേവന'വുമായി ബന്ധപ്പെട്ട് വാർഡ് തല സമിതികൾ ഏറ്റെടുത്ത് ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചും സൂചന (5) പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. പകൽ വീടുകൾ , വയോജന ക്ലബ്ബുകൾ എന്നിവ ആരംഭിക്കുക , വയോജന ഗ്രാമ സഭകൾ പ്രത്യേകമായി ചേരുക , തുടങ്ങി വയോജന

സംരക്ഷണവുമായി ബന്ധപ്പെട്ട് കെയർഗിവർമാരുടെ നിയമനം ഉൾപ്പെടെ പലവിധ പരിപാടികൾ ഏറ്റെടുത്ത് ചെയ്യാൻ മേൽ ഉത്തരവിൽ മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ സഹകരണത്തോടെയുള്ള പദ്ധതി നടത്തിപ്പിനാണ് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത പ്രകാരം നടപ്പുവർഷം പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സായംപ്രഭാ ഹോമുകൾ/പകൽ വീടുകൾ കണ്ടെത്തി ഒരു ജില്ലയിൽ കുറഞ്ഞത് 10 സായംപ്രഭാ ഹോമുകൾ എന്ന രീതിയിലും , നിലവിൽ 10 കൂടുതൽ ഹോമുകൾ ഉള്ള ജില്ലകൾ ആയത് നിലനിർത്തിക്കൊണ്ടും ഉള്ള സായംപ്രഭാ ഹോമുകൾ/പകൽ വീടുകളുടെ ലിസ്റ്റ് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1. നിലവിൽ പ്രവർത്തനാനുമതി ലഭിച്ച 82 സായംപ്രഭാ ഹോമുകളിൽ കെയർ ഗിവർ ഹോണറേറിയം ഇനത്തിൽ വകുപ്പ് വിഹിതത്തിനു അധികമായി അനുവദിക്കേണ്ട തുക പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കാൻ തയ്യാറുള്ള പഞ്ചായത്തുകൾക്ക് വകുപ്പ് വിഹിതം നൽകുന്നതാണ്.
2. നടപ്പുവർഷത്തിൽ പ്ലാൻ ഫണ്ട് തുക വകയിരുത്തി കെയർഗിവർ ഹോണറേറിയം നൽകാൻ തയ്യാറുള്ള മറ്റു പഞ്ചായത്തുകളെ പുതുതായി ഉൾപ്പെടുത്താവുന്നതാണ്.
3. കെയർഗിവർ ഹോണറേറിയം പൂർണ്ണമായും നൽകിവരുന്ന പഞ്ചായത്തുകൾക്ക് വകുപ്പ് വിഹിതം ആവശ്യമില്ലെങ്കിലും വകുപ്പ് സംവിധാനിക്കുന്ന സാങ്കേതിക സഹായം നൽകുന്നതാണ്.

COVID 19 വ്യാപന പശ്ചാത്തലത്തിൽ വയോജന സംരക്ഷണം മുൻനിർത്തിയുള്ള ടി പ്രവർത്തനങ്ങൾ എത്രയും പെട്ടന്ന് നടപ്പിലാക്കേണ്ടാതിനാൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലവിളംബം വരാതെ ശ്രദ്ധിക്കാൻ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നടപടിസ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയരക്ടർക്ക് വേണ്ടി

## 'സായംപ്രഭാ ഹോം' പദ്ധതി - 2021-22 വർഷത്തെ പദ്ധതി നടത്തിപ്പിനായുള്ള പ്രൊപ്പോസൽ

**പശ്ചാത്തലം , ലക്ഷ്യം**

കേരളത്തിൽ മുതിർന്ന പൗരന്മാരുടെ സംഖ്യ ത്വരിതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നതും കൂട്ടുകുടുംബ വ്യവസ്ഥിതി ക്ഷയിച്ചുവരുന്നതുമായ ഈ കാലഘട്ടത്തിൽ മുതിർന്നവരുടെ ശരിയായ സംരക്ഷണത്തിന് കുടുംബങ്ങളിൽ ആളില്ലാത്ത അവസ്ഥ സംജാതമായിട്ടുണ്ട് . വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി സ്ത്രീകളും, പുരുഷന്മാരും, കുട്ടികളുമുൾപ്പെടെ വീട്ടുവിട്ടിറങ്ങി പോകുന്ന ആധുനിക സാഹചര്യത്തിൽ മുതിർന്നവർ പകൽസമയങ്ങളിൽ പൂർണ്ണമായും ഒറ്റപ്പെടുകയും സ്വന്തം കാര്യങ്ങൾ സ്വയമേവ നോക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. ഇതിൽ വിധവകളായ മുതിർന്ന സ്ത്രീകളും , വിഭാര്യരായ മുതിർന്ന പുരുഷന്മാരും ഉൾപ്പെടുന്നുണ്ട്. മുതിർന്നവരുടെ സംഖ്യ ദ്രുതഗതിയിൽ വർദ്ധിക്കുകയും ദീർഘായുസ്സുമൂലം അവർക്ക് പരിരക്ഷ ആവശ്യമുള്ള കാലത്തിന്റെ ദൈർഘ്യത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്യുന്ന ഇക്കാലത്ത് മുതിർന്നവരെ പരിരക്ഷിക്കുന്നവരുടെ എണ്ണം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

വയോജനങ്ങളുടെ പ്രശ്നങ്ങൾ വിവിധവും മറ്റ് ജനവിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തവും ആണെന്നതിനാൽ തന്നെ ഇത്തരം പ്രശ്നങ്ങളുടെ ആഴവും ഗൗരവവും ഏറെയാണ്. മറ്റു പ്രായത്തിലുള്ളവർ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും തുല്യ തോതിൽ മുതിർന്ന പൗരന്മാർക്കും അനുഭവിക്കാനുള്ള അവകാശം നിലവിലുണ്ട് . എന്നാൽ ജീവിത സാഹചര്യവും , സാമൂഹിക അന്തരീക്ഷവും ഇതിനു വിഘാതം സൃഷ്ടിക്കുന്നുണ്ട് . ഇത്തരത്തിലുള്ള പ്രതിസന്ധികൾ ഒഴിവാക്കി മുതിർന്ന പൗരന്മാരെയും മറ്റുള്ളവർക്കൊപ്പം മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നു മികച്ച ജീവിത സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. 2013 ലെ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയത്തിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും കമ്മ്യൂണിറ്റി കെയർ സെന്ററുകൾ പ്രോത്സാഹിപ്പിക്കുന്നതു സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. പകൽ സമയങ്ങളിൽ വയോജനങ്ങൾ നേരിടുന്ന ഒറ്റപ്പെടൽ , വിരസത, സുരക്ഷയില്ലായ്മ തുടങ്ങിയവ മൂലം മുതിർന്ന പൗരന്മാർക്കുണ്ടാകുന്ന ശാരീരികവും, മാനസികവും , സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾ മുന്നിൽകണ്ട് ആയതിന് പരിഹാരമായാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമേ കെയർ ഗിവർമാരുടെ സേവനം , പോഷകാഹാരം നൽകൽ , യോഗ മെഡിറ്റേഷൻ , കൗൺസിലിംഗ് , നിയമ സഹായങ്ങൾ , വിനോദോപാധികൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി അവയെ സായംപ്രഭാ ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിക്ക് മുൻ സർക്കാരിന്റെ കാലയളവിൽ (2017-18) തുടക്കം കുറിച്ചത്. ഇപ്രകാരം പകൽ വീടുകളെ 'സായംപ്രഭാ ഹോമുകൾ' ആക്കി മാറ്റുന്നതിന് ചുവടെ ചേർത്ത ഇനങ്ങൾക്കായി ഒരു ഹോമിന് 2,80,000/- വീതം വിവിധ ജില്ലകളിൽ 82 'സായംപ്രഭാ ഹോമുകൾക്കായി തുക അനുവദിച്ചിരുന്നു.

ഹോണറേറിയം (യോഗ/മെഡിറ്റേഷൻ ക്ലാസ്) - 21600